THURSDAY 09-09-2021 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

**Agriculture Development and Farmer’s Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**



**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -

## 09/09/2021

1. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണിയിൽ പ്രവർത്തിക്കുന്ന തേനീച്ച പരാഗണ ഗവേഷണ കേന്ദ്രത്തിൽ നിന്നും രോഗവിമുക്തമായ തേനീച്ച കോളനികൾ വില്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ മുൻകൂർ പണമടച്ച രജിസ്റ്റർ ചെയ്യേണ്ടതാണ്. രോഗവിമുക്തമായ ഒരു ഇന്ത്യൻ തേനീച്ച കോളനിക്ക് 1400/- രൂപയാണ് സർവ്വകലാശാല നിശ്ചയിച്ചിരിക്കുന്ന വില. പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.00 മണി മുതൽ വൈകിട്ട് 4.00 മണി വരെ തേനീച്ച പരാഗണ ഗവേഷണ കേന്ദ്രത്തിൽ പണമടച്ച രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടേണ്ടുന്ന ഫോൺ നമ്പർ: 09744660642, 08547109186

2. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ MIDH പദ്ധതിയുടെ കീഴിൽ ഡ്രാഗൺ ഫ്രൂട്ട്, പ്ലാവ് കൃഷി, അവോക്കാഡോ, റംബൂട്ടാൻ, പാഷൻ ഫ്രൂട്ട്, മാംഗോസ്റ്റിൻ ഹൈബ്രിഡ് പച്ചക്കറി കൃഷി, കശുമാവ് എന്നിവയ്ക്കും കൂടാതെ യന്ത്രവൽകൃത കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിനും, പ്രൈമറി മിനിമൽ പ്രോസസിംഗ് യൂണിറ്റ്, റൈപ്പനിംഗ് ചേബർ, ഇന്റഗ്രേറ്റഡ് പാക്ക് ഹൗസ്, പോളി ഹൗസ്, ഷെയിഡ് നെറ്റ് എന്നിവ നിർമ്മിക്കുന്നതിനും സബ്സിഡി ലഭ്യമാണ്. ഇടുക്കി ജില്ലയിലെ താല്പര്യമുള്ള കർഷകർ അവരവരുടെ പഞ്ചായത്തിലെ കൃഷിഭവനുകളുമായി ബന്ധപ്പെട്ട് അപേക്ഷകൾ നൽകേണ്ടതാണ്.

3. കൽപറ്റ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കൃഷിഭവനുകൾ വഴി നടപ്പിലാക്കുന്ന വിവിധ കൃഷി വികസന പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ കൃഷിഭവനുകളിൽ ലഭ്യമാണ്.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രൊജക്റ്റുകൾ, അപേക്ഷ എന്നിവ കൃഷിഭവനുകളിൽ ഈ മാസം 10 നു (സെപ്തംബർ 10 നു) മുമ്പായി സമർപ്പിക്കണമെന്ന് കൽപറ്റ കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

4. ഹോർട്ടി കോർപ്പിന്റെ വേങ്ങേരി, ചേവരമ്പലം, കക്കോടി, എലത്തൂർ എന്നീ സ്റ്റാളുകൾ വഴി പച്ചക്കറി കിറ്റ് വിലക്കുറവിൽ നൽകുന്നു. ഇളവൻ, മത്തൻ, പടവലം, ചുരയ്ക്ക, വെള്ളരി എന്നീ പച്ചക്കറികൾ അടങ്ങിയ അഞ്ചു കിലോ ഗ്രാം തൂക്കമുള്ള കിറ്റിന് അറുപത് രൂപയാണ് വില. ഓഫർ സ്റ്റോക് തീരുന്നതുവരെ സ്റ്റാളുകൾ വഴി കിറ്റ് ലഭ്യമാണ് എന്ന് ഹോർട്ടി കോർപ്പ് കോഴിക്കോട് ജില്ലാ മാനേജർ അറിയിച്ചു.

5. പള്ളിക്കുന്ന് മൃഗാശുപത്രി മുഖേന കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് നിവാസികൾക്കായി നടപ്പിലാക്കുന്ന് ജൈവമാലിന്യം വളമാക്കുന്ന പദ്ധതിയിൽ യൂണിറ്റിനായി അപേക്ഷ ക്ഷണിച്ചു. ചുരുങ്ങിയത് പത്ത് ക്യൂബിക് മീറ്റർ വ്യാപ്തിയിൽ മേൽക്കൂരയോട് കൂടിയ ചാണക ശേഖരണ സംവിധാനമാണ് ഒരുക്കേണ്ടത്. ഇരുപത്തിഅയ്യായിരം രൂപ നിർമ്മാണച്ചിലവ് പ്രതീക്ഷിക്കുന്ന യൂണിറ്റിന് പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ ധനസഹായം ലഭിക്കും. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 13 (സെപ്റ്റംബർ 13). അപേക്ഷയുടെ മാതൃകയും കൂടുതൽ വിവരങ്ങളും പള്ളിക്കുന്ന് മൃഗാശുപത്രിയിൽ നിന്നും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 04936 284309 എന്ന നമ്പരിൽ ബന്ധപ്പെടുക.

6. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി കോക്കനട്ട് നഴ്സറിയിൽ അത്യുൽപാദന ശേഷിയും രോഗപ്രതിരോധ ശേഷിയുമുളള ഡബ്ല്യു സി റ്റി ഇൻ പോളിബാഗ് (WCT in Polybag), കുറ്റ്യാടി തെങ്ങിൻ തൈകൾ തൈ ഒന്നിന് 130 രൂപയ്ക്കും ഡബ്ല്യു സി റ്റി (WCT), ആദിനാട് തെക്ക് തൈ ഒന്നിന് 100 രൂപയക്കും വിൽപ്പനയ്ക്ക് ലഭ്യമാണ്.

**പരിശീലന പരിപാടികൾ**

7. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (സെപ്റ്റംബർ 9-ന്) രാവിലെ 11 മണിക്ക് **"കൊക്കോ കൃഷിയും പരിപാലനവും"** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ പരിശീലനം നടത്തുന്നു. https://www.facebook.com/fibkerala/ എന്ന ഫേയ്സ്ബുക്ക് പേജിൽ കൂടി പരിശീലനം തത്സമയം വീക്ഷിയ്ക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

8. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഇന്ന് (സെപ്റ്റംബർ 9) രാവിലെ 11 മണി മുതൽ **പാലിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ (ക്രീം, വെണ്ണ, നെയ്യ്)** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ **9947775978** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ **0476 2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നാളെ (10.09.21) **'നിപ്പ കരുതലും പ്രതിരോധവും'** എന്ന വിഷയത്തിൽ ഓൺലൈൻ ബോധവല്ക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ വാട്സ്ആപ് സന്ദേശം മുഖേന പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ നമ്പർ 9188522711.

10. കുടപ്പനക്കുന്ന് പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 11ന് രാവിലെ 9.30 മുതൽ 12.30 വരെ **'നിപ്പ അറിയേണ്ടതെല്ലാം'** എന്ന വിഷയത്തിൽ ഒരു ബോധവല്ക്കരണ ക്ലാസ്സ് ഓൺലൈനായി നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2732918 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടണമെന്ന് പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ അറിയിച്ചു.

11. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രെയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ ഇന്ന് (09/09/2021നു) വൈകിട്ട 7 മണി മുതൽ **ഡയറി ഫാം ലാഭവും നഷ്ടവും**

എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChannel/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്.

12. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (സെപ്തംബർ 9-ന്) **പാലുൽപാദനത്തിൽ തീറ്റപ്പുല്ലിന്റെ പങ്ക്** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് 9446890889 എന്ന നമ്പരിൽ ബന്ധപ്പെടുക.

13. കേരള സർക്കാർ_മൃഗസംരക്ഷണ വകുപ്പ്_തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 09/09/21 രാവിലെ 10.30 മുതൽ 1.00 മണി വരെ ആട് വളർത്തൽ എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലന ക്ലാസ്സ് നടത്തുന്നു. താല്പര്യമുള്ളവർ വാട്സ്ആപ്പ് സന്ദേശം മുഖേന പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ നമ്പർ 9188522711